## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5499** **02.11.2016 ൽ മറുപടിക്ക്.**

## ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കാൻ നടപടി

| ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകൾ അഴിമതി രഹിതമാക്കാൻ സർക്കാർ ആലോചിക്കുന്നുവോ; | എ) | ഉണ്ട് |
| ബി) | അഴിമതി രഹിതമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ആലോചിക്കുന്നത്? | ബി) | 2016 – 17 ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് കേരളത്തിലെ 7 ചെക്ക് പോസ്റ്റുകൾ അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഡേറ്റാ കളക്ഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഇതിൽ ആദ്യഘട്ടമായി കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, വയനാട് ജില്ലയിലെ മുത്തങ്ങ എന്നീ ചെക്ക് പോസ്റ്റുകളെ സംയോജിത വിവരശേഖരണ കേന്ദ്രങ്ങളാക്കിമാറ്റുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br>പ്രസ്തുത പ്രോജക്ടിൽ വാണിജ്യ നികുതി വകുപ്പ്, മോട്ടോർ വാഹന വകുപ്പ്, എക്സൈസ് വകുപ്പ്, വനം വകുപ്പ്, മൃഗസംരക്ഷണവകുപ്പ്, ഫുഡ് ആന്റ് സേഫ്റ്റി വകുപ്പ് എന്നി ആറു വകുപ്പുകൾ ഉൾപ്പെട്ടിട്ടുണ്ട്.<br>നിലവിലുള്ള ചെക്ക്പോസ്റ്റ് സംവിധാനത്തിലെ ഏറ്റവും സങ്കീർണ്ണമായ വിഷയങ്ങളായ ഗതാഗതകുരുക്ക്, നടപടി കുരുക്കുകൾ എന്നിവ പൂർണ്ണമായും ഇല്ലാതാക്കുകയെന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം. നിലവിൽ അതിർത്തിയിൽ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന ആറ് വകുപ്പുകളുടെ കീഴിൽ |

വരുന്ന ചെക്ക് പോസ്റ്റുകളെ ഒരു കുരയ്ക്ക് കീഴിൽ കൊണ്ടുവരുമ്പോൾ തന്നെ നടപടി ക്രമങ്ങൾ വളരെ ലളിതമായതായിതീരുന്നു. സംയോജിത വിവരശേഖരണ കേന്ദ്രത്തോടനുബന്ധിച്ചുള്ള ഫെസിലിറ്റേഷൻ സെന്ററിൽ സമർപ്പിക്കുന്ന പൊതു വിവരങ്ങൾ ഒരു പ്രത്യേക സോഫ്റ്റ് വെയർ വഴി ഫിൽറ്റർ ചെയ്ത് ഒരേ സമയം തന്നെ ആറ് വകുപ്പുകൾക്കും അവർക്കാവശ്യമുള്ളവ മാത്രമായി ലഭ്യമാകുന്നതിനാൽ, വാഹനം സെന്ററിനുള്ളിലേക്ക് കടന്നുവരുമ്പോൾ ഓരോ വകുപ്പുകൾക്കും കുറഞ്ഞ സമയം കൊണ്ട് പരിശോധന പൂർത്തിയാക്കി വാഹനത്തെ കടത്തിവിടുവാൻ സാധിക്കുന്നു.

സെന്ററിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന ഇലക്ട്രോണിക് വെയ്ബ്രിഡ്ജുകൾ, നമ്പർ പ്ലേറ്റ് റീഡറുകൾ, ആർ. എഫ്. ഐ. ഡി. സംവിധാനം, സി. സി. ടി. വി. ക്യാമറ, ബൂംബാരിയറുകൾ തുടങ്ങിയവ ടി. സോഫ്റ്റ് വെയറുമായി ലിങ്ക് ചെയ്യുമെന്നതിനാൽ, ഇവയിലൂടെ കടന്ന് വരുന്ന വാഹനങ്ങളെയും ചരക്കിനെയും സംബന്ധിച്ച വിവരങ്ങൾ, അതാത് സമയം തന്നെ മറ്റ് ഡേറ്റകളോടൊപ്പം കൗണ്ടറിലെ ഉദ്യോഗസ്ഥർക്ക് ലഭിക്കുമെന്നതിനാൽ ചരക്ക് നീക്കത്തിന്റെ കാര്യക്ഷമത, വേഗത, സുതാര്യത എന്നിവ പതിൻമടങ്ങ് വർദ്ധിക്കുകയും നികുതി വരുമാനം വർദ്ധിക്കുന്നതിന് സഹായകമാവുകയും ചെയ്യുന്നു

സെക്ഷൻ ഓഫീസർ